# കൃഷി, കേരളത്തിൽ – നെല്ല്, തെങ്ങ്, റബർ

കൃഷിക്ക് ഏറ്റവും അനുകൂലമായ സാഹചര്യങ്ങളാണ്, കേരളത്തിന് പ്രകൃതി സമ്മാനിച്ചിരിക്കുന്നത്. സസ്യങ്ങൾ വളരാനും നല്ല ഫലം പുറപ്പെടുവിക്കാനും അത്യാവശ്യമായ പ്രധാന ഘടകങ്ങൾ, നല്ല മണ്ണും, സൂര്യപ്രകാശവും, വെള്ളവുമാണല്ലോ. കേരളത്തിൽ ഏറ്റവും ഫലഭൂയിഷ്ഠമായ മണ്ണുണ്ട്. ആണ്ടിൽ 360 ദിവസമെങ്കിലും 12 മണിക്കൂറും നല്ല സൂര്യപ്രകാശം; മഴയാണെങ്കിൽ സമൃദ്ധം. ഇടവപ്പാതിയും, തുലാവർഷവുമായി ആണ്ടിൽ 300 സെന്റിമീറ്റർ. ഈ അനുകൂല സാഹചര്യങ്ങളിൽ വൈവിധ്യമാർന്ന നിരവധി വിളകൾ കൃഷിചെയ്യാനും, നല്ല ലാഭം നേടാനും നമുക്ക് കഴിയുമായിരുന്നു. അങ്ങനെ കൃഷി, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ചാലകശക്തിയായി പ്രവർത്തിക്കുമായിരുന്നു.

പക്ഷെ, മാറിമാറിവന്ന സർക്കാരുകളുടെ കർഷക സൗഹൃദമല്ലാത്ത നയങ്ങളും, നിലപാടുകളും, കേരളത്തിലെ വിദ്യാസമ്പന്നരും, പുതിയ കൃഷികൾ ഏറ്റെടുക്കാൻ മാത്രം സാഹസികരും സംരംഭകസ്വഭാവമുള്ളവരുമായ കർഷകരുടെ ആവേശത്തെയും, ഉത്സാഹത്തെയും നശിപ്പിച്ചുകളഞ്ഞു.

1956–ലാണല്ലോ ഇന്നത്തെ കേരള സംസ്ഥാനം ഉടലെടുത്തതും, എല്ലാ മലയാളികളേയും ഒരേ ഭരണത്തിന്റെ കീഴിൽ കൊണ്ടുവന്നതും. അന്ന്, പ്രശസ്തനായ സാമ്പത്തിക വിദഗ്ധൻ ഡോ. ലോകനാഥൻ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെപ്പറ്റിയും, കൃഷി, വ്യവസായം, സേവനമേഖല എന്നീ രംഗങ്ങളിലുള്ള ഭാവിസാധ്യതകളെപ്പറ്റിയും ആഴവും, സമഗ്രവുമായ ഒരു ആധികാരിക പഠനം നടത്തി; ബൃഹത്തായ ഒരു റിപ്പോർട്ട് സമർപ്പിച്ചു.

അക്കാലത്ത് കേരളത്തിലും, ഇന്ത്യ ഒട്ടാകെയും ഭയങ്കരമായ ഭക്ഷ്യധാന്യക്ഷാമം അനുഭവപ്പെട്ടിരുന്നു. വടക്കേ ഇന്ത്യയിൽ പട്ടിണി മരണം ഒരു സാധാരണ സംഭവം. എങ്ങനെയെങ്കിലും ഭക്ഷ്യധാന്യ ഉല്പാദനം വർധിപ്പിക്കുക എന്നത് ദേശീയ ലക്ഷ്യം; അതുപോലെതന്നെ കേരളത്തിന്റെയും. നമ്മുടെ ആവശ്യത്തിന്റെ മൂന്നിലൊന്ന് ഭക്ഷ്യധാന്യം പോലും കേരളത്തിൽ ഉല്പാദിപ്പിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ആ സാഹചര്യത്തിലാണ് 'ഗ്രോ മോർ ഫുഡ്' തുടങ്ങിയ തീവ്രയത്ന പരിപാടികൾ നാം നടത്തിയതും കിഴക്കൻ മലയോരങ്ങളിലേയ്ക്ക് പ്രവേശിച്ച് കൃഷിചെയ്യാൻ കർഷകരെ സർക്കാർ പ്രോത്സാഹിപ്പിച്ചതും.

പക്ഷേ, സാധ്യതകളും പ്രശ്നങ്ങളും സമഗ്രമായി പഠിച്ച്, ഡോ. ലോകനാഥൻ ശുപാർശ ചെയ്തത്, കേരളത്തിൽ നെൽകൃഷി വിസ്തൃതി വർധിപ്പിക്കാനോ, അരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാനോ ശ്രമിക്കേണ്ട കാര്യമില്ല; കൂടുതൽ ലാഭകരമായ നാണ്യവിള കൃഷിയിലേയ്ക്ക് കേരളം ശ്രദ്ധ കേന്ദ്രീകരിക്കുക; റബർ, കാപ്പി, ഏലം, തേയില, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, വാഴ, കശുമാവ് തുടങ്ങിയവ കൃഷിചെയ്ത് കേരളം അതിന്റെ വരുമാനം വർധിപ്പിക്കുക. അരി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും പണം കൊടുത്തുവാങ്ങുക.

ഡോ. ലോകനാഥന്റെ ശുപാർശകൾക്ക് പരക്കെ അംഗീകാരം അന്ന് ലഭിച്ചിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ, അന്ന് നെൽകൃഷി ചെയ്തിരുന്ന എട്ട് ലക്ഷം ഹെക്ടർ പാടങ്ങൾ നെൽകൃഷിക്കായി സംരക്ഷിച്ച് അവിടെ ഉല്പാദനക്ഷമത ഉയർത്തി, കർഷകരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു, കേരള സർക്കാർ ചെയ്യേണ്ടിയിരുന്നത്. പക്ഷെ മുതൽ മുടക്കുകയും, പാടുപെടുകയും ചെയ്യുന്ന കർഷകരെ സഹായിക്കനോ, വിളവെടുപ്പ് നേരത്ത് ന്യായവില ഉറപ്പാക്കാനായി കർഷകന്റെ ഉല്പന്നം സർക്കാർ സംഭരിക്കാനോ, നെല്ലിന്റെ വില, താമസമില്ലാതെ കർഷകന് നൽകാനോ, നാം മിനക്കെട്ടില്ല. പക്ഷെ, കേരള ഭരിച്ച മുന്നണികൾ നെൽകൃഷിയെയും കർഷകനെയും അവഗണിച്ചു. കർഷകത്തൊഴിലാളികളെയും, കർഷകനെയും തമ്മലടിപ്പിച്ചു; കൃഷിക്കാരനെയും, കർഷകത്തൊഴിലാളിയെയും ഇരുചേരികളിലാക്കി. തൊഴിലാളിയുടെ ആത്മാർത്ഥ സഹകരണം ലഭിക്കാതെ വന്നതോടെ നെൽകൃഷി അവതാളത്തിലായി. യഥാസമയം നെല്ല് കൊയ്തെടുക്കാൻ കഴിയാതെ കർഷകൻ വിഷമിച്ചു. തൊഴിലാളിയില്ലെങ്കിൽ, യന്ത്രം ഉപയോഗിച്ച് നെല്ലുകൊയ്യാം. പക്ഷെ, യന്ത്രം പാടത്തിറക്കണമെങ്കിൽ തൊഴിലാളി യൂണിയന്റെ അനുമതി തേടണം!

നഷ്ടമില്ലാതെ കൃഷി മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്ന് ബോധ്യമായ കർഷകർ ക്രമേണ നെൽകൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാവുകയായിരുന്നു. പലരും നെല്പാടം വിറ്റു; വാങ്ങിയവർ പാടം നികത്തി വീടും കടയും വച്ചു. അന്ന് എട്ടുലക്ഷം ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടന്ന്, പച്ചപ്പരവതാനി തീർത്ത് കേരളത്തിന്റെ പ്രകൃതിഭംഗിക്കു മാറ്റുകൂട്ടിയ നെല്പാടങ്ങൾ ക്രമേണ ഇല്ലാതായിത്തീരുകയായിരുന്നു. അതോടെ ഭക്ഷ്യോല്പാദനം മാത്രമല്ല നഷ്ടപ്പെട്ടത്; പരിസ്ഥിതിക്കും കോട്ടം തട്ടി. നമ്മുടെ നെൽപ്പാടങ്ങൾ വലിയ ജലസംഭരണികളായികൂടി പ്രവർത്തിക്കുകയായിരുന്നു. ഈ നഷ്ടം അപരിഹാര്യമായ ഒന്നാണ്. ഇന്ന് കേരളത്തിലെ നെല്പാടങ്ങളുടെ വിസ്തൃതി വെറും രണ്ടു ലക്ഷം ഹെക്ടർ മാത്രം. ഇനിയെങ്കിലും കർഷകസൗഹൃദ നയങ്ങൾ പുലർത്തി, നെല്ല് ന്യായവിലയ്ക്ക് സംഭരിക്കാനും, അതിന്റെ വില ഒരാഴ്ചയ്ക്കകമെങ്കിലും നൽകാനും സർക്കാർ തയ്യാറാകണം. അതുപോലെ നെൽകൃഷി ലാഭകരമാക്കിത്തീർക്കാൻ 'ഒരു നെല്ലും, ഒരു മീനും' എന്ന പദ്ധതിക്ക് പ്രോത്സാഹനം നൽകി, അത് പ്രചരിപ്പിക്കണം. അങ്ങനെ നെൽകൃഷിയിൽനിന്നും ന്യായമായ വരുമാനം ലഭിക്കുമെന്ന് കർഷകരെ ബോധ്യപ്പെടുത്തണം. ഇനി അവശേഷിക്കുന്ന നെൽപാടങ്ങളെങ്കിലും അങ്ങനെവേണം പരിരക്ഷിക്കാൻ.

1956–ൽ, കേരളത്തിൽ നെല്ല്, കഴിഞ്ഞാൽ ഏറ്റവും പ്രധാനമായ വിളയായിരുന്നു നാളികേരം. മലയാളികളെ സംബന്ധിച്ചിടത്തോളം നിത്യോപയോഗ വസ്തുക്കളാണ്, തേങ്ങയും വെളിച്ചെണ്ണയും. പക്ഷെ സർക്കാരിന്റെ അവഗണന

അനുഭവിച്ച് അധഃപതിക്കാനായിരുന്നു നാളികേരത്തിന്റെ വിധി. കാറ്റുവീഴ്ച, മണ്ഡരി, കൂമ്പുചീയൽ തുടങ്ങിയ നിരവധി രോഗങ്ങൾ കേരവൃക്ഷത്തെ ആക്രമിച്ചു. ശാസ്ത്രജ്ഞന്മാരും, സർക്കാരും നിഷ്ക്രിയരായി നോക്കിനിന്നു.

അതിനിടയ്ക്ക് കേരകൃഷി വികസനത്തിനായി കേന്ദ്രസർക്കാർ ഒരു 'കേരവികസന ബോർഡ്' രൂപീകരിച്ചു. പക്ഷേ, ഈ ബോർഡിന് കേരവൃക്ഷത്തെ ബാധിച്ച മാരക രോഗങ്ങളെപ്പറ്റി ഗവേഷണ പഠനങ്ങൾ നടത്താൻ കഴിഞ്ഞില്ല; കാരണം നാളികേര ബോർഡിന് ഒരു ഗവേഷണ വിഭാഗവും ഗവേഷകരും ഉണ്ടായിരുന്നില്ല; അതുപോലെ, നാളികേര കൃഷിയെപ്പറ്റി കർഷകർക്ക് ശാസ്ത്രീയജ്ഞാനം പകർന്നുകൊടുക്കാനും ബോർഡിന് കഴിഞ്ഞില്ല. കാരണം, ബോർഡിന് വിജ്ഞാനവ്യാപനവിഭാഗമോ, കൃഷിവിദഗ്ധരായ എക്സ്റ്റൻഷൻ ഓഫീസർമാരോ ഉണ്ടായിരുന്നില്ല. ഗവേഷണം, കാർഷിക യൂണിവേഴ്സിറ്റിയുടെയും, വിജ്ഞാനവ്യാപനം സംസ്ഥാന കൃഷിവകുപ്പിന്റെയും ചുമതലയായി കരുതപ്പെട്ടു. ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ പ്രധാന ദൗത്യങ്ങൾ നിർവഹിക്കാനാകാതെ നാളികേരബോർഡ് നിസ്സാഹമായി നോക്കി നിൽക്കേണ്ടിവന്നു. ഇന്നും അതേനില തുടരുന്നു.

കഴിഞ്ഞ 60 കൊല്ലക്കാലത്ത് കേരളത്തിൽ വൻപുരോഗതി നേടിയ കൃഷി റബർ ആയിരുന്നു. 70 കൊല്ലം മുമ്പ്, ഇന്ത്യ സ്വതന്ത്രയായപ്പോൾ റബറിന്റെ വാർഷിക ഉല്പാദനം 15000 ടൺ മാത്രം. മൂന്നുകൊല്ലം മുമ്പ് അത് ഒൻപതരലക്ഷം ടൺ ആയി ഉയർന്നിരുന്നു. ഇന്ത്യയിൽ റബർകൃഷി വളർന്നതോടൊപ്പം, റബർ ഉല്പന്ന നിർമ്മാണ വ്യവസായവും വളർന്നു. ഉല്പാദനം കൂടിയതനുസരിച്ച് ഉപഭോഗവും വർധിച്ചു. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്താൻ റബർ ബോർഡും, കേന്ദ്ര സർക്കാരും എന്നും ശ്രദ്ധിച്ചിരുന്നു. ഇറക്കുമതി ചെയ്തിരുന്ന റബറിന്റെ അളവ് ആവശ്യാനുസരണം നിയന്ത്രിച്ചും, വിപണിയിൽ എപ്പോഴെങ്കിലും വിലയിടിഞ്ഞാൽ, കർഷകരുടെ റബർ, ന്യായവിലയ്ക്ക് സംഭരിച്ചും, അവർക്ക് ധൈര്യപൂർവം റബർകൃഷി ചെയ്യാം എന്ന വിശ്വാസം കർഷകരിൽ ജനിപ്പിച്ചു. അങ്ങനെയാണ്, ഉല്പാദനക്ഷമതയിൽ ലോകത്ത് ഒന്നാം സ്ഥാനത്തെത്താൻ നമുക്ക് കഴിഞ്ഞത്. ഇന്ത്യയിലെ റബർ ഉല്പാദനത്തിന്റെ 90 ശതമാനവും കേരളത്തിൽ നിന്നുമായിരുന്നു. കേരളത്തിലെ റബർകൃഷിക്കാരിൽ 95 ശതമാനവും ചെറുകിട കർഷകരും. അവരുടെ റബർത്തോട്ടത്തിന്റെ ശരാശരി വിസ്തീർണ്ണമോ വെറും അര ഹെക്ടർ!

നിർഭാഗ്യവശാൽ കഴിഞ്ഞ അഞ്ചാറ് കൊല്ലമായി, അന്താരാഷ്ട്ര വിപണിയിൽ, ലോകവ്യാപാര മാന്ദ്യം കാരണം റബർ വിലയിടിഞ്ഞു. നമ്മുടെ ഇന്ത്യൻ ടയർവ്യവസായികൾ ഈ അവസരം മുതലാക്കി ആവശ്യത്തിലധികം റബർ ഇറക്കുമതി ചെയ്തു. ഇറക്കുമതി റബർ 77000 ടണ്ണിൽ നിന്നും അടുത്ത വർഷം 1,77,000 ടൺ ആയി ഉയർന്നു; തുടർന്നുള്ള വർഷങ്ങളിൽ 2,60,000 ടൺ, 3,20,000 ടൺ, 3,60,000 ടൺ, 4,25,000 ടൺ, 4,42,000 ടൺ എന്നിങ്ങനെ ഇറക്കുമതി റബറിന്റെ അളവ് പെരുകി. ഇറക്കുമതി റബർ കൊണ്ട് ഗോഡൗൺ നിറഞ്ഞതോടെ ടയർ കമ്പനിക്കാർ ആഭ്യന്തര റബർ വിപണിയിൽ നിന്നും മാറിനിന്ന് റബറിന്റെ വിലയിടിച്ചു. കർഷകർ ദുരിതത്തിലായി. വിപണിയിൽ നിന്നും ന്യായവിലയ്ക്ക് റബർ സംഭരിച്ച് കർഷകരെ രക്ഷിക്കാൻ അന്നും ഇന്നും  കേന്ദ്ര സർക്കാരുകൾ തയ്യാറായില്ല. അങ്ങനെ റബർകർഷകരെ ടയർ വ്യവസായികളുടെ ചൂഷണത്തിനായി കേന്ദ്ര സർക്കാർ വിട്ടുകൊടുക്കുകയായിരുന്നു.

ഇറക്കുമതിയുടെ അതിപ്രസരം നിമിത്തം ആഭ്യന്തര ഉല്പാദനം തകർന്നാൽ, അത് വീണ്ടെടുക്കാനായി ഇറക്കുമതിയെ നിരുത്സാഹപ്പെടുത്തണം. ഇതിനുവേണ്ടി ഇറക്കുമതി റബറിന്മേൽ കൂടുതൽ ചുങ്കം ചുമത്താൻ ലോകവാണിജ്യ കരാറിന്റെ വ്യവസ്ഥകളനുസരിച്ച് നമുക്കു കഴിയും. കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ (സേഫ് ഗാർഡ്സ്), എന്ന ഉദ്യോഗസ്ഥനെ സമീപിച്ച് നാം സംരക്ഷണചുങ്കത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചെങ്കിലും ഇതുവരെ നടപടിയില്ല. അതേസമയം, ചൈനയിൽനിന്നും ഇറക്കുമതിചെയ്യുന്ന ടയറിന് അധികചുങ്കം ചുമത്താനും പശ്ചിമേഷ്യയിൽ നിന്നും ജർമ്മനിയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കൃത്രിമ റബറിന് അധികചുങ്കം ചുമത്താനും കേന്ദ്രസർക്കാർ തയ്യാറായി. അങ്ങനെ പ്രത്യേക സംരക്ഷണത്തിന് അർഹതയില്ലാത്ത വ്യവസായികൾക്ക് കൂടുതൽ ലാഭം നേടാൻ വേണ്ടി കേന്ദ്ര സഹായം. കർഷകരുടെ അപേക്ഷ മാത്രം അവഗണിക്കപ്പെടുന്നു.

പക്ഷെ, ടയർ കമ്പനികളുടെ ചൂഷണത്തിന് ഇരകളായി തുടരാൻ റബർകർഷകർ തയ്യാറല്ല. അവർ ഇനി റബർ നടുന്നതുതന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. റബറിന് പകരം എണ്ണപ്പനയും, ഇടവിളയായി കശുമാവ് അല്ലെങ്കിൽ കൊക്കോയും കൃഷി ചെയ്യാൻ തയ്യാറാകുന്നു. റബർ കർഷക സംരക്ഷണ സമിതിയും മറ്റു ചില കർഷക സംഘടനകളും ഈ തീരുമാനമെടുത്തുകഴിഞ്ഞു.

എണ്ണപ്പന, കശുമാവ്, കൊക്കോ എന്നീ മൂന്നു വിളകളും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണ്. ലാഭകരമായി കൃഷി ചെയ്യാൻ കഴിയും. നാലാം കൊല്ലം മുതൽ സമൃദ്ധമായി ഉല്പാദനം നടക്കും. ഈ മൂന്നു വിളകളും പ്രചരിക്കുന്നതോടെ കർഷകർക്ക് റബറിൽനിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ വരുമാനം കിട്ടുന്നു. കൂടാതെ ഉല്പന്ന സംസ്കരണത്തിനും, മൂല്യവർധിത ഉല്പന്ന നിർമ്മാണത്തിനുമായി അനേകം ചെറുകിട യൂണിറ്റുകൾ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കാൻ കഴിയും. അങ്ങനെ കൂടുതൽ നേട്ടം.

ഇപ്പോൾ റബർ പ്രതിസന്ധി കണ്ട് നിശബ്ദത പാലിക്കുന്നതിനു പകരം, കേരള സർക്കാരും കൃഷിവകുപ്പും ചെയ്യേണ്ടത്: എണ്ണപ്പന, കൊക്കോ, കശുമാവ് എന്നീ കൃഷികൾ റബർമേഖലയിൽ പ്രചരിപ്പിക്കാൻ ശക്തമായ ഒരു യജ്ഞം നടത്തുക. കേരളത്തിന്റെ കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകാൻ ഇത്തരം ഒരു തീവ്രയജ്ഞ പരിപാടി ഇന്ന് അത്യാവശ്യം. തരിശായി കിടക്കുന്ന ചില സ്ഥലങ്ങളിൽ നെൽകൃഷി തിരിച്ചുകൊണ്ടുവരാൻ ശ്ലാഘനീയമായി പ്രവർത്തി ക്കുന്ന കൃഷിമന്ത്രി എണ്ണപ്പന, കൊക്കോ, കശുമാവ് മേഖലയിലേക്കും ശ്രദ്ധതിരിക്കാൻ അപേക്ഷ.